## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2907 07.02.2018 - ൽ മറുപടിക്ക്**

# അപകടാവസ്ഥയിലായ പാലങ്ങൾ ബലപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി.വി. രാജേഷ് :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ അപകടാവസ്ഥയിലായ പാലങ്ങളെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ പാലങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര പാലങ്ങൾ അപകടാവസ്ഥയിലാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള 162 പാലങ്ങൾക്ക് ബലക്ഷയം കാരണം പുനർ നിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | കണ്ണൂർ ജില്ലയിൽ എത്ര പാലങ്ങൾ അപകടാവസ്ഥയിലാണ്; അവ ഏതെല്ലാം; അപകടാവസ്ഥയിലായ പാലങ്ങൾ ബലപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | കണ്ണൂർ ജില്ലയിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിലുള്ള 19 പാലങ്ങളും ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ഒരു പാലവും ഉൾപ്പെടെ ആകെ 20 പാലങ്ങൾ അപകടാവസ്ഥയിലാണ്. അപകടാവസ്ഥയിലായ പാലങ്ങൾ പുനർ നിർമ്മിക്കുന്നതിനോ അല്ലെങ്കിൽ പ്രധാന |

അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപകടാവസ്ഥ-യിലുള്ള പാലങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പാലത്തിന്റെ പേര് |
|---|---|
| 1 | കൊല്ലങ്കൽ പാലം |
| 2 | തട്ടാരി പാലം |
| 3 | പഴയങ്ങാടി പാലം |
| 4 | അരവഞ്ചാൽ പാലം |
| 5 | കുയ്യാരി പാലം |
| 6 | കുറുവ പാലം |
| 7 | മരുതായി പാലം |
| 8 | അയ്യപ്പൻതോട് പാലം |
| 9 | അഞ്ചരക്കി പാലം |
| 10 | കാഞ്ഞിരോട് പാലം |
| 11 | ഒളവറ പാലം |
| 12 | കൗവ്വായി പാലം |
| 13 | ഇരിണാവ് പാലം |
| 14 | പാലപ്പുഴ പാലം |
| 15 | ആനപ്പന്തി പാലം |
| 16 | വെള്ളാട് പാലം |
| 17 | കാവുമ്പായി പാലം |
| 18 | വെങ്കുന്ന് പാലം (ഒടുവള്ളിത്തട്ട് - നടുവിൽ - കിടുയാൻമല റോഡ്). |
| 19 | മണിയറ പാലം |
| 20 | ചൊവ്വ പാലം |

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ - പാപ്പിനിശ്ശേരി റോഡിലെ പഴയങ്ങാടിപ്പാലം ബലപ്പെടുത്തു-ന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്ത-മാക്കുമോ ?

(ഡി) പിലാത്തറ - പാപ്പിനിശ്ശേരി റോഡിലെ നിലവിലുള്ള പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്ന-തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**